## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *234    10.12.2014 ൽ മറുപടിക്ക്.

### ആശുപത്രി വ്യവസായബന്ധ സമിതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. എ. മാധവൻ :<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:<br>ശ്രീ. സി. പി. മുഹമ്മദ് : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) ആശുപത്രി വ്യവസായ ബന്ധസമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) ഉണ്ട്. 02.08.2014 ലെ സർക്കാർ ഉത്തരവ് (ആർ. റ്റി) നം. 1019/2014/തൊഴിൽ പ്രകാരം ആശുപത്രി വ്യവസായ ബന്ധസമിതി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത സമിതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | (ബി) സ്വകാര്യ ആശുപത്രി വ്യവസായ രംഗത്തെ തൊഴിൽ സമാധാനം നിലനിർത്തുക, തർക്കങ്ങളും സമരങ്ങളും ചർച്ചയിലൂടെയും തൊഴിലാളി - തൊഴിലുടമാ പ്രതിനിധികളുടെ സംയുക്ത ഇടപെടലിലൂടെയും പരിഹരിക്കുക, തൊഴിൽ ചൂഷണം, തൊഴിൽ നിയമലംഘനങ്ങൾ എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ യഥാസമയം ഇടപെട്ട് പരിഹരിക്കുക തുടങ്ങിയവയാണ് ഈ സമിതിയുടെ പ്രധാന ലക്ഷ്യങ്ങൾ. |
| (സി) സ്വകാര്യ ആശുപത്രി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുവാൻ പ്രസ്തുത സമിതി രൂപീകരണം എത്രമാത്രം പ്രയോജനപ്പെട്ടുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ;<br><br>(ഡി) പ്രസ്തുത സമിതി ഏതെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത്; വിശദാംശങ്ങൾ നൽകുമോ? | (സി) & (ഡി) ആശുപത്രി വ്യവസായ മേഖലയിൽ സമരങ്ങളും പ്രക്ഷോഭങ്ങളും കൊണ്ട് കലുഷിതമായ സാഹചര്യത്തിലാണ് 2012 – ൽ സ്വകാര്യ ആശുപത്രി വ്യവസായ രംഗത്ത് വ്യവസായ ബന്ധസമിതി രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചത്. സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളെ കുറിച്ച് പഠിക്കാൻ സർക്കാർ നിയോഗിച്ച ബലരാമൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശയുടെ കൂടി അടിസ്ഥാനത്തിൽ |

സ്വകാര്യ ആശുപത്രി വ്യവസായ രംഗത്ത് മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്ന ജോലിയാണ് വ്യവസായ ബന്ധ സമിതി ആദ്യമായി ഏറ്റെടുത്തത്. സമിതിയുടെ ശുപാർശ പ്രകാരം 05.11.2013 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ. 135/ 2013/തൊഴിൽ പ്രകാരം സ്വകാര്യ ആശുപത്രി വ്യവസായ മേഖലയിൽ പുതുക്കിയ വേതന നിരക്ക് നിലവിൽ വന്നു. ഇത് ഈ മേഖലയിൽ സമാധാന അന്തരീക്ഷം കൊണ്ടുവരുന്നതിന് ഒരു പരിധിവരെ സഹായകരമായിരുന്നു.

കൂടാതെ സ്വകാര്യ മേഖലയിൽ ആശുപത്രികളിലെ നഴ്സുമാരുടെ ജോലി സമയം സംബന്ധിച്ച് പഠിക്കാൻ സർക്കാർ നിയോഗിച്ച വീരകുമാർ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഴ്സുമാരുടെ ജോലിസമയം (ഷിഫ്റ്റ് സമ്പ്രദായം) സംബന്ധിച്ച് വ്യവസായബന്ധ സമിതി ചർച്ച ചെയ്തു വരികയാണ്. തൊഴിലാളി - തൊഴിലുടമാ പ്രതിനിധികൾ തമ്മിലുള്ള ചർച്ചകളിലൂടെ ഒരു സമവായത്തിലെത്തി ഇക്കാര്യം നടപ്പിലാക്കാനാണ് സമിതി ശ്രമിക്കുന്നത്. കൂടാതെ ഈ രംഗത്ത് നടക്കുന്ന മറ്റ് തൊഴിൽ ചൂഷണങ്ങളും തൊഴിൽ നിയമങ്ങളും ശ്രദ്ധയിൽപ്പെട്ടാൽ ഇടപെട്ട് പരിഹരിക്കാൻ സമിതി ശ്രദ്ധിക്കുന്നുണ്ട്.

സമിതിയുടെ ഇത്തരം ഇടപെടലുകളും തീരുമാനങ്ങളും സ്വകാര്യ ആശുപത്രി വ്യവസായ രംഗത്ത് തൊഴിൽ സമാധാനം നിലനിർത്തുന്നതിനും തൊഴിൽ ചൂഷണം അവസാനിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളിലും പ്രതിസന്ധി ഉണ്ടായാൽ പരിഹരിക്കുന്നതിനും വലിയ തോതിൽ പങ്ക് വഹിക്കുന്നുണ്ട്.

സെക്ഷൻ ആഫീസർ.